(21) തൃശൂർ ജില്ലയിലെ വാഴാനി കൂപ്പിൽനിന്നുമുള്ള തേക്കുതടി കരാറുകാരൻ മറിച്ചു വിറ്റ കേസിൽ നടപടി

ശ്രീ. എ. സി. മൊയ്തീൻ: സർ, തൃശൂർ ജില്ലയിലെ മച്ചാട് ഫോറസ്റ്റ് റേഞ്ചിൽ വാഴാനി കൂപ്പിൽ നിന്നുമുള്ള തേക്കുതടി വനം വകുപ്പിന്റെ ഡിപ്പോകളിലെത്തിക്കാൻ കരാർ എടുത്തയാൾ 16 ലോഡ് തടികൾ എറണാകുളത്തെ ചില സ്വകാര്യ മില്ലുകാർക്ക് മറിച്ചു വിറ്റു എന്നത് വളരെ പ്രമാദമായ സംഭവമാണ്. 131 ലോഡ് തടി വനം വകുപ്പിന്റെ ഡിപ്പോകളിൽ എത്തിക്കാൻ കരാർ എടുത്ത ആൾ ഡിപ്പോകളിൽ തടി എത്തി എന്ന് വ്യാജരേഖയുണ്ടാക്കി ഏകദേശം 50 ലക്ഷം രൂപയുടെ തടികളാണ് മറിച്ചുവിറ്റിട്ടുള്ളത്. ഈ കരാറുകാരനെ രക്ഷിക്കാൻ വേണ്ടിയുള്ള ശ്രമങ്ങളാണ് ഇപ്പോൾ വനം വകുപ്പിൽ നടക്കുന്നത്. വനം വകുപ്പിന്റെ ഈ കേസ് കണ്ടെത്താൻ ശ്രമിച്ച താഴേത്തട്ടിലുള്ള ചില ഉദ്യോഗസ്ഥരുടെ പേരിൽ മാത്രം നടപടി എടുക്കാനും ഇതിന് കൂട്ടുനിന്ന ഉന്നതരായ ഉദ്യോഗസ്ഥരെ രക്ഷിക്കാനും വേണ്ടിയുള്ള അണിയറശ്രമങ്ങളും ഈ തടി വാങ്ങിയ മിൽ ഉടമസ്ഥനേയും കരാറുകാരനേയും രക്ഷിക്കാനുള്ള നീക്കവും നടക്കുന്നുണ്ട് എന്നുള്ള വാർത്തകളാണ് വരുന്നത്. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി തന്നെ ഇടപെട്ട് ഈ സംഭവത്തിൽ വിജിലൻസ് അന്വേഷണമോ സി.ബി.ഐ. അന്വേഷണമോ വേണമെന്ന് ഗൗരവപ്പെട്ട പരാമർശം നടത്തിക്കഴിഞ്ഞു. ഈ സംഭവത്തിൽ ഏകദേശം 50 ലക്ഷം രൂപയുടെ തടികളാണ് മറിച്ചുവിറ്റത് ഈ കരാറുകാരനെ സഹായിക്കാൻ രേഖകളിൽ കൃത്രിമം കാണിച്ച് വ്യാജരേഖയുണ്ടാക്കിയ കരാരുകാരന് കരാറിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് കൊടുക്കാനുള്ള സംഖ്യ യാതൊരു പ്രശ്നവും കൂടാതെ അതിവേഗത്തിൽ കൊടുത്തുതീർത്തതായി മനസ്സിലാക്കുന്നു. ഈ സംഭവത്തിൽ പങ്കാളികളായ ഉന്നതരായ ആളുകളുടെ പങ്കാളിത്തംകൂടി വെളിച്ചത്ത് വരാവുന്ന രീതിയിൽ നടപടി സ്വീകരിക്കാൻ വിജിലൻസ് അന്വേഷണമോ കോടതി പറഞ്ഞതുപോലെ സി.ബി.ഐ. അന്വേഷണമോ ഏർപ്പെടുത്താൻ നടപടി ഉണ്ടാകണമെന്ന് വിനയ പൂർവ്വം അഭ്യർത്ഥിക്കുന്നു.

പരിസ്ഥിതി വനം വകുപ്പുമന്ത്രി (ശ്രീ. എ. സുജനപാൽ): സർ, ബഹുമാനപ്പെട്ട മെമ്പർ ഇവിടെ ഉന്നയിച്ച പ്രശ്നത്തിൽ ഗൗരവപൂർവ്വം നടപടി കൈക്കൊണ്ടിട്ടുണ്ട്. ഇവിടെ സൂചിപ്പിച്ച മാതിരി കരാറനുസരിച്ച് സുൾഫിക്കർ എന്ന കരാറുകാരനാണ് എഗ്രിമെന്റ് നൽകിയത്. അതിൽ അപാകതകൾ കണ്ടുപിടിച്ചത് ഫോറസ്റ്റ് വകുപ്പിന്റെ കീഴിലുള്ള വിജിലൻസ് വിംഗ് ആണ്. അത് കണ്ട ഉടൻതന്നെ നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. അതു സംബന്ധിച്ച് 13 പേരുടെ പേരിലാണ് കേസ് എടുത്തിട്ടുള്ളത്. ഇതിൽ അഞ്ച് പേർ കീഴടങ്ങുകയും രണ്ട് പേരെ പോലീസ് അറസ്റ്റ് ചെയ്യുകയും ചെയ്തു. ഈ കേസിൽ 16 ലോഡ് തടിയാണ് നഷ്ടപ്പെട്ടിട്ടുള്ളത്. ഇതിന് 40 ലക്ഷം രൂപയുടെ നഷ്ടമാണ് വകുപ്പ് കണക്കാക്കിയിട്ടുള്ളത്. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചു യാതൊരു നടപടിയും കൈക്കൊണ്ടിട്ടില്ല എന്ന്.

LIBRARY ARCHIVES Kerala Legislative Assembly

പ്രാഥമിക അന്വേഷണം നടത്തി ഡി.എഫ്.ഒ. ഉൾപ്പെടെ 12 വനം വകുപ്പ് ഉദ്യോഗസ്ഥരുടെ പേരിൽ നടപടികൾ കൈക്കൊണ്ട് സസ്പെൻഷൻ നടപടിയുമായി മുന്നോട്ട്പോകുകയാണ്. മെമ്പർ പറഞ്ഞതുപോലെ വിജിലൻസിനെക്കൊണ്ട് അന്വേഷിപ്പിക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ആ വിജിലൻസ് അന്വേഷണം കാലതാമസം കൂടാതെ നടത്തി ആവശ്യമായ നടപടികൾ കൈക്കൊള്ളാൻ വേണ്ടിയുള്ള എല്ലാ കാര്യങ്ങളും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് എടുത്തിട്ടുണ്ട്. വളരെ ഗൗരവത്തോടുകൂടി ഗവൺമെന്റ് ഇതിനെ കാണുന്നു. ഇത്തരം കുറ്റകൃത്യങ്ങൾ മേലിൽ ഉണ്ടാകാതിരിക്കാൻ അതിന്റെ ഉത്തരവാദികൾ ആരാണെന്ന് കണ്ടെത്തി ആവശ്യമായ നടപടികളെല്ലാം തന്നെ സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഉറപ്പുനൽകുകയാണ്.

ശ്രീ. എ. സി. മൊയ്തീൻ: വ്യാജരേഖയുണ്ടാക്കിയ ഈ കരാറുകാരന് കൊടുക്കാനുള്ള പണം എത്രയും പെട്ടന്ന് മാറ്റിക്കൊടുത്തു എന്നുള്ള ആക്ഷേപം അന്വേഷിക്കുമോ?

ശ്രീ. എ. സുജനപാൽ: ഈ ആക്ഷേപത്തെപ്പറ്റി അന്വേഷിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കും.

(22) കോടനാട് മൃഗശാല മാറ്റി സ്ഥാപിക്കാനും ആനക്കളരി വിപുലീകരിക്കാനും ആനപാപ്പാൻകളരി പ്രവർത്തനം ആരംഭിക്കാനും നടപടി

ശ്രീ. സാജു പോൾ: സർ, കോൺക്രീറ്റ് വനങ്ങളായിത്തീർന്നിരിക്കുന്ന നഗരങ്ങളിൽ നിന്നും മലയോര ഗ്രാമീണ കേന്ദ്രങ്ങളാണ് അല്പം ആശ്വാസവും മാനസികോല്ലാസവും ലഭിക്കാൻ ഇന്ന് സർവ്വരും തെരഞ്ഞെടുക്കുന്നത്. എറണാകുളത്തിന്റെ കിഴക്കൻ മേഖലയിൽ പെരിയാറിന്റെ വശ്യ മനോഹാരിതയും കാലടി, മലയാറ്റൂർ, കോടനാട്, പാണിയേരിപ്പോര്, ഭൂതത്താൻകെട്ട് തുടങ്ങിയ പ്രകൃതി രമണീയമായ സ്ഥലങ്ങളും നിലവിലുണ്ട്. എന്റെ നിയോജകമണ്ഡലത്തിലെ കോടനാടിന്റെ ഏറ്റവും പ്രാധാന്യമുള്ള പ്രശ്നമാണ് ഞാൻ ഉന്നയിക്കുന്നത്. പതിറ്റാണ്ടുകൾ പഴക്കമുള്ള കോടനാട് ആനക്കളരിയുടേയും നിർദ്ദിഷ്ട ആനപാപ്പാൻ കളരിയുടേയും പ്രതിസന്ധികൾ ഗവൺമെന്റ് അടിയന്തിരമായി പരിഹരിക്കണം. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ വനം വകുപ്പിന്റെ ചുമതല വഹിച്ചപ്പോൾ കോടനാട് സന്ദർശിച്ചിരുന്നു. റെസ്ക്യൂ സെന്ററുകളായി പ്രവർത്തിച്ചിരുന്ന കോടനാട് ഉൾപ്പെടെ ആറ് മിനി മൃഗശാലകൽ അടച്ചുപൂട്ടാൻ Central Zoo Authority ഉത്തരവിട്ടിരിക്കുകയാണ്. പെരുവണ്ണാമൂഴി, നെയ്യാർ എന്നിവിടങ്ങളിലെ ചീങ്കണ്ണി സംരക്ഷണ കേന്ദ്രങ്ങൾ, കോടനാട്, വാളയാർ, തട്ടേക്കാട് മാൻ പാർക്കുകൾ, മലമ്പുഴ സ്നേക്ക് പാർക്ക് എന്നിവയാണ് അടച്ചു പൂട്ടാൻ ഉത്തരവിട്ടിരിക്കുന്നത്. മലയോര മേഖലയിൽ റെസ്ക്യൂ സെന്ററുകൾ നിലനിർത്താതിരിക്കാൻ കഴിയില്ല. അതുകൊണ്ട് വളരെയധികം മൃഗങ്ങളുള്ള കോടനാട് മൃഗശാല വിപുലീകരിച്ച്

LIBRARY ARCHIVES Kerala Legislative Assembly